030942

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

THE DIRECTOR OF SO...

ഹർജി നമ്പർ **AP156 (2)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള
നടപടിക്രമം

**File No.1078/SIC-Gen6/2016**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. നൂറുദ്ദീൻ റ്റി.എ.,
പൈങ്ങാമഠം,
സക്കരിയ്യാ ബസാർ,
ലജനത്ത് വാർഡ്, ആലപ്പുഴ-1. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.
2. അപ്പീൽ അധികാരി,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം. — എതിർകക്ഷികൾ

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ അപ്പീൽ ഹർജിക്കാരനായ ശ്രീ. നൂറുദ്ദീൻ റ്റി.എ., 25.1.2016 തീയതിയായി സമർപ്പിച്ച അപ്പീൽ ഹർജി എ.പി.നംപർ 156(2)/2016/എസ്.ഐ.സി. ആയി ഫയലിൽ സ്വീകരിച്ച് 26.2.2016 തീയതി രണ്ടാം എതിർകക്ഷിയുടെ വിശദമായ റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയും ആയതുപ്രകാരമുള്ള റിപ്പോർട്ട് 22.3.2016 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുൻപാകെ ബോധിപ്പിച്ചത്, ടിയാൻ 16.11.2015 ന് സാമൂഹ്യ നീതി വകുപ്പ് ഡയക്ടറേറ്റിലെ എസ്.പി.ഐ.ഒ യ്ക്ക് ഒരപേക്ഷ സമർപ്പിച്ചിരുന്നു എന്നും 30 ദിവസം കഴിഞ്ഞിട്ടും യാതൊരുവിധ മറുപടിയും ലഭിക്കാത്തതിനാൽ പ്രസ്തുത വകുപ്പിലെ അപ്പീൽ അധികാരിയ്ക്ക് 19.12.2015 ന് അപ്പീൽ സമർപ്പിച്ചുവെന്നും

എന്നാൽ ടിയാന്റെ അപേക്ഷകൾക്ക് യാതൊരുവിധ മറുപടിയും ലഭ്യമായിട്ടില്ല എന്നും ആയതിനാൽ മറുപടി അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

3. 24.6.2017 തീയതി കമ്മീഷൻ ആസ്ഥാനത്തുവച്ച് വച്ച് നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരുണ്ടായിരുന്നില്ല.

4. 16.11.2015 തീയതി ഒന്നാം എതിർകക്ഷി മുൻപാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ICDS Supervisor മാരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ (എല്ലാ വിഭാഗങ്ങളുടെയും) പകർപ്പ് ലഭ്യമാക്കുക എന്നും (ഉത്തരവ് സഹിതം), കാറ്റഗറി നമ്പർ 412/2011 പ്രകാരം പ്രസിദ്ധീകരിച്ച ICDS Supervisor മാരുടെ പി.എസ്.സി നോട്ടിഫിക്കേഷന് മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ള ICDS Supervisor മാരുടെ പി.എസ്.സി നോട്ടിഫിക്കേഷനുകൾ combined (General PSC quota + Anganwadi workers with degree holders) ആണോ എന്ന് വ്യക്തമാക്കണമെന്നും മറ്റുമായി 5 ഇനങ്ങളിലുള്ള വിവരങ്ങൾ ആയിരുന്നു. മേൽപ്പടി അപേക്ഷയ്ക്ക് 14.12.2015 തീയതി ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാമത്തെ ചോദ്യം ഒഴികെയുള്ള ഇനങ്ങൾക്ക് മറുപടി നൽകിയതായി കാണുന്നു. രണ്ടാമത്തെ ചോദ്യം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ടതായതിനാൽ ഹർജിക്കാരന് നേരിട്ട് വിവരം നൽകുന്നതിനായി പി.എസ്.സി ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷയുടെ പകർപ്പ് അയച്ചുകൊടുത്തിട്ടുള്ളതായും കാണുന്നു. 19.12.2015 ലെ അപ്പീൽ അപേക്ഷയ്ക്ക് 27.1.2016 തീയതി ഹർജിക്കാരന് നൽകിയ മറുപടിയിൽ, 14.12.2015 തീയതി ടിയാന് മറുപടി നൽകുകയുണ്ടായെങ്കിലും ഡെസ്പാച്ച് സെക്ഷനിൽ നിന്നും ഹർജിക്കാരന്റെ പേര് തെറ്റായി രേഖപ്പെടുത്തി കത്ത് അയക്കുവാൻ ഇടയായെന്നും തുടർന്ന് ടി കത്ത് മടങ്ങി വരികയുമാണ് ഉണ്ടായത് എന്നും ക്ലറിക്കൽ മിസ്റ്റേക്ക് വ്യക്തമായ സാഹചര്യത്തിൽ 23.12.2015 തീയതിയിലെ കത്തിനോടൊപ്പം 14.12.2015 ലെ കത്ത് ടിയാന് അയച്ചു നൽകിയിട്ടുണ്ടെന്നും മറ്റുമാണ്.

5. രണ്ടാം എതിർകക്ഷി 19.3.2016 തീയതി വച്ച് കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 19.12.2015-ൽ അപ്പീൽ സമർപ്പിച്ച സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ സൗജന്യമായി 27.1.2016 തീയതി അപ്പീൽ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും, സാമൂഹ്യ നീതി ഡയറക്ടറേറ്റിലെ ഇ-സെക്ഷനിൽ മാത്രം ഹർജിക്കാരൻ 1.11.2015 മുതൽ 31.1.2016 വരെ 65 അപേക്ഷകളാണ് നൽകിയിട്ടുള്ളതെന്നും ഇതിൽ തന്നെ ടിയാൻ വിവരം ആവശ്യപ്പെട്ടിരിക്കുന്ന ഐ.സി.ഡി.എസ് സുപ്പർവൈസർ തസ്തികയുടെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന ഇ3 സീറ്റിൽ അപ്പീൽ ഉൾപ്പെടെ 17 അപേക്ഷകൾ നൽകിയിട്ടുണ്ടെന്നും ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾക്കെല്ലാം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ടിയാന് മറുപടി നൽകിയിട്ടുണ്ടെന്നും മതിയായ കാര്യമുള്ളപക്ഷം അപ്പീൽ തീർപ്പാക്കുന്നതിന് 45 ദിവസംവരെ അനുവദനീയമാണെന്നതിനാലാണ് 27.1.2016 ൽ മറുപടി നൽകിയിട്ടുള്ളതെന്നും മറ്റുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടി തെറ്റായ അഡ്രസ്സിൽ അയച്ചത് തിരികെ ലഭിച്ച അവസരത്തിൽ ആയത് ശരിയായ അഡ്രസ്സിൽ പിന്നീട് ലഭ്യമാക്കിയതായി കാണുന്നു. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്ത ഒന്നാം എതിർകക്ഷിയെ കമ്മീഷൻ താക്കീത് ചെയ്യുകയും ഇത്തരം വീഴ്ചകൾ സംഭവിക്കരുതെന്നു ടിയാനെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ടി വീഴ്ച ഏതെങ്കിലും മോശവിചാരത്തോടെയോ മന:പൂർവ്വമോ വരുത്തിയതല്ലെന്നും കാണുന്നു. അപ്പീൽ അധികാരിയുടെ ഇടപെടലിനു ശേഷം ഹർജിക്കാരന് പൂർണ്ണ വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്ന സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2017 ജൂലൈ 26–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk/

RIGHT TO INFORMATION